"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ശിൽപ ലാലു-വിന് കെ.എസ്.ആർ ഭാഗം I,അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.767/2025/LBR തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:- 1. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ശിൽപ ലാലുവിന്റെ 16.12.2024,14.01.2025 തിയതികളിലെഅവധി അപേക്ഷകൾ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 06.05.2025ലെ ഇ1-1614/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ആശ്രാമം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 16.12.2024 ൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി സർവ്വീസിൽ പ്രവേശിച്ച ഡോ. ശിൽപ ലാലു, ഡൽഹി എയിംസിൽ പഠിച്ചുകൊണ്ടിരുന്ന ഓഫ്ത്താൽമോളജിയിൽ പിജി പൂർത്തിയാക്കുന്നതിനായി 17.12.2024 മുതൽ 13.01.2025 തീയതി വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിനും ഒപ്പം 14.01.2025 മുതൽ 27.01.2025 വരെയുള്ള അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനും പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഡോ. ശിൽപ ലാലുവിന് 17.12.2024 മുതൽ 13.01.2025 വരെ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും, കോഴ്സ് കാലാവധിയ്ക്ക് ശേഷം സേവനത്തിൽ നിന്നും വിട്ടു നിന്ന 14.01.2025 മുതൽ 27.01.2025 വരെയുള്ള കാലയളവ് മുൻകാലസേവനം നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ. ശിൽപ ലാലു, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (10.06.2025 ലെ 3153414/LBR-1/30/2025-FIN പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 24-06-2025 17:27:45
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.